22ND IFFK
DECEMBER 8 — 15, 2017
THIRUVANANTHAPURAM
INTERNATIONAL FILM FESTIVAL OF KERALA

MEDIA CELL **PRESS RELEASE** MEDIA CELL

2017 ഡിസംബർ 8

# പത്രക്കുറിപ്പ്

## സിഗ്നേച്ചർ ഫിലിം

വിവിധ കാലഘട്ടങ്ങളിലെ മലയാള സിനിമാ ചരിത്രത്തെ ഒറ്റ റീലിൽ ആവിഷ്കരിക്കുന്നതാണ് രാജ്യാന്തര ചലച്ചിത്രമേളയുടെ സിഗ്നേച്ചർ ഫിലിം. ടി.കെ. രാജീവ്കുമാറാണ് സെന്റിമെന്റൽ സെല്ലുലോയ്ഡ് എന്ന് പേരിട്ടിരിക്കുന്ന സിഗ്നേച്ചർ ഫിലിം സംവിധാനം ചെയ്തിരിക്കുന്നത്. പോസ്റ്റർ ഒട്ടിക്കുന്ന ഒരു ബാലനിലൂടെയാണ് മലയാള സിനിമയുടെ ചരിത്രവും വികാസപരിണാമങ്ങളും ദൃശ്യവത്കരിക്കുന്നത്. ദൃശ്യങ്ങൾക്കൊപ്പം വിന്യസിച്ചിരിക്കുന്ന ശബ്ദങ്ങളും മലയാള സിനിമയുടെ വളർച്ചാഘട്ടങ്ങൾ അടയാളപ്പെടുത്തുന്നുണ്ട്. 56 സെക്കൻഡാണ് ഫിലിമിന്റെ ദൈർഘ്യം. നവതിയിലെത്തുന്ന മലയാള സിനിമയുടെ ചെറുപ്പമാണ് പോസ്റ്റർ ഒട്ടിക്കുന്ന ബാലനിലൂടെ പ്രതീകവത്കരിക്കുന്നത്.

## സരളമായ കഥയും ചാരുതയുള്ള അവതരണവുമായി കിംഗ് ഓഫ് പെകിങ്

ചൈനീസ് സിനിമയായ  കിംഗ് ഓഫ് പെകിങിന പ്രേക്ഷക പ്രശംസ. സിനിമ പ്രൊജക്ഷനിസ്റ്റായ അച്ഛന്റെയും മകന്റെയും ആത്മബന്ധത്തെയും സർഗാത്മകതയോടുള്ള  താത്പര്യത്തെയും സരളമായി അവതരിപ്പിക്കുന്നതാണ് ഈ ചിത്രം. സിനിമയോടുള്ള അച്ഛന്റെ  അഭിനിവേശം  എല്ലാ പ്രതിബന്ധങ്ങളെയും മറികടന്ന് വികസിക്കുന്നു.

പുതുമയ്ക്കു വേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമങ്ങളില്ലാതെ ചിത്രീകരിച്ച സാം വാറ്റ്സിന്റെ ഈ ചിത്രം ടാഗോർ തിയറ്ററിലെ ആദ്യ പ്രദർശനത്തിൽ പ്രേക്ഷകരെ നിരാശരാക്കിയില്ല. ഉള്ളടക്കത്തിന്റെ സവിശേഷത സിനിമ പാരഡൈസോ എന്ന വിഖ്യാത ചിത്രത്തിന്റെ ഓർമ്മകളുണർത്തുന്നതാണെന്നും പ്രേക്ഷകർ അഭിപ്രായപ്പെട്ടു.

## ഓപ്പൺഫോറത്തിൽ ഇന്ന് 'ആവിഷ്കാര സ്വാതന്ത്ര്യം'

ചലച്ചിത്രമേളയുടെ ഭാഗമായ ഓപ്പൺഫോറത്തിൽ ഇന്ന് ആവിഷ്കാര സ്വാതന്ത്ര്യം എന്ന വിഷയത്തിൽ ചർച്ച നടക്കും. പ്രശസ്ത ബംഗാളി സംവിധായിക അപർണ സെൻ ഉദ്ഘാടനം ചെയ്യും. ശശി തരൂർ എം.പി മുഖ്യപ്രഭാഷണം നടത്തും. വൈകിട്ട് 4.30 ന ടാഗോർ തിയേറ്ററിലാണ് ഓപ്പൺഫോറം.

തുർക്കി സംവിധായകൻ സെമിഹ് കപ്ലനൊഗ്‌ലു, ചലച്ചിത്ര പ്രവർത്തകരായ അനൂപ് സിംഗ, സജിത മഠത്തിൽ, സന്തോഷ് ബാബുസേനൻ എന്നിവർ ചർച്ചയിൽ പങ്കെടുക്കും. മാധ്യമപ്രവർത്തകൻ ഗൗരിദാസൻ നായർ ചർച്ച നയിക്കും.

## മേളയിൽ ഇന്ന് 68 ചിത്രങ്ങൾ

രാജ്യാന്തര ചലച്ചിത്രോത്സവത്തിന്റെ രണ്ടാം ദിനമായ ഇന്ന് (ഡിസംബർ 9) നിശാഗന്ധിയുൾപ്പെടെ 14 തിയേറ്ററുകളിലായി 68 സിനിമകൾ പ്രദർശിപ്പിക്കും. രാജ്യാന്തര മത്സര വിഭാഗത്തിൽ ഏണെസ്റ്റോ അർഡിറ്റോ, വിർന മൊളിന എന്നിവർ സംവിധാനം ചെയ്ത അർജന്റീനിയൻ ചിത്രം സിംഫണി ഫോർ അന, സെമിഹ് കപ്ലനോഗ്ലുവിന്റെ ടർക്കിഷ് ചിത്രം ഗ്രെയ്ൻ എന്നിവ ടാഗോർ തിയേറ്ററിൽ പ്രദർശിപ്പിക്കും. അങ്കമാലി ഡയറീസ്, കറുത്ത ജൂതൻ എന്നിവയാണ് മേളയിൽ ഇന്ന് പ്രദർശിപ്പിക്കുന്ന മലയാള ചിത്രങ്ങൾ.

കൺട്രി ഫോക്കസിൽ അഡിർലെ കയ്റോഡിന്റെ വൈറ്റ് ഔട്ട്, ബ്ലാക്ക് ഇൻ, എഡ്വേർഡോ ന്യൂൺസിന്റെ സൗത്ത് വെസ്റ്റ്, തിയാഗോ ബി. മെൻഡോൺകയുടെ യങ് ആന്റ് മിസറബിൾ, അനിറ്റ റോച്ച ഡാ സിൽവെയ്റുടെ കിൽ മീ പ്ലീസ് എന്നീ ബ്രസീലിയൻ ചിത്രങ്ങളാണ് ഇന്ന് പ്രദർശനത്തിനെത്തുക.

എഡ്മണ്ട് യോ യുടെ മലേഷ്യൻ ചിത്രം അക്വാറാറ്റ്, അല എഡ്ഡിൻ സ്ലിമ്മിന്റെ ടുണീഷ്യൻ ചിത്രം ദ് ലാസ്റ്റ് ഓഫ് അസ് എന്നിവയാണ് വിഭാഗത്തിൽ ഇടവും സ്വത്വവും നഷ്ടപെടുന്ന മനുഷ്യരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്ന അപ്റൂട്ടഡ് ഐഡന്റിറ്റി ആന്റ് സ്പേസ് വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ.

അലക്സാണ്ടർ സുക്കറോവിന്റെ റഷ്യൻ ആർക്ക് ആണ് ഇന്ന് റെട്രോസ്പെക്ടീവ് വിഭാഗത്തിലുള്ളത്. കണ്ടംപററി വിഭാഗത്തിൽ മഹമത് സലേ ഹറൗണിന്റെ ഫ്രഞ്ച് ചിത്രങ്ങളായ ഔർ ഫാദർ, എ സീസൺ ഇൻ ഫ്രാൻസ്, മിഷേൽ ഫ്രാങ്കോയുടെ മെക്സിക്കൻ ചിത്രം ഏപ്രിൽസ് ഡോട്ടർ എന്നിവ ഇന്ന് പ്രദർശിപ്പിക്കും.

ഹൊമേജ് വിഭാഗത്തിൽ ഐ.വി ശശി സംവിധാനം ചെയ്ത ആരൂഢം, റോബർട്ട് ബ്രസ്സണിന്റെ ഫ്രഞ്ച് ചിത്രം ഔ ഹസാർഡ് ബർത്തസാർ, കുന്ദൻ ഷായുടെ ഇന്ത്യൻ ചിത്രം ജാനേ ബി ദോയാരോ എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

ബഹ്റാം ബെയ്സായുടെ ഇറാനിയൻ ചിത്രം ഡൗൺപൗർ ആണ് റീസ്റ്റോർഡ് ക്ലാസിക് വിഭാഗത്തിലെ ഇന്നത്തെ ചിത്രം. അവൾക്കൊപ്പം എന്ന വിഭാഗത്തിൽ പി. ഭാസ്കരൻ സംവിധാനം ചെയ്ത മലയാള ചിത്രം കള്ളിച്ചെല്ലമ്മയാണ് ഇന്ന് പ്രദർശനത്തിനെത്തുന്നത്.

ഇന്ത്യൻ സിനിമാ വിഭാഗത്തിൽ ദാർ ഗായുടെ ത്രീ ആന്റ് എ ഹാഫ്, എ ദിംപഷ് ജെയിന്റ് ഇൻ ദ് ഷാഡോസ്, റിമ ദാസിന്റെ വില്ലേജ് റോക്ക്സ്റ്റാർസ് എന്നീ ചിത്രങ്ങൾ പ്രദർശിപ്പിക്കും.


Mob : 8547976353, 9544917693
email:mediacell@iffk.in